

TUESDAY 11-10-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/10/2022.

1. ശുദ്ധമായ പാൽ ഉൽപാദനത്തിന്റെ പ്രാധാന്യം ഉറപ്പാക്കിക്കൊണ്ട് ക്ഷീരവികസന വകുപ്പ് 2022 ഒക്ടോബർ 11 മുതൽ 2023 ജനുവരി 10 വരെ ഗുണനിലവാര ത്രൈമാസ തീവ്രയജ്ഞ പരിപാടി സംഘടിപ്പിക്കുന്നു. ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ഒക്ടോബർ 11) രാവിലെ 10 മണിക്ക് തിരുവനന്തപുരം വഴുതക്കാട് വനശ്രീ ഓഡിറ്റോറിയത്തിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കും. ഇതിനോട് അനുബന്ധിച്ച് ശുദ്ധമായ പാൽ സമ്പൂർണ്ണ ആരോഗ്യത്തിന് എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിച്ചിരിക്കുന്നു.

2. കൃഷിവകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പിന്റെ പ്രീമിയം നാടൻ പഴം-പച്ചക്കറികൾക്കായി തൃശ്ശൂർ ജില്ലയിലെ ആദ്യത്തെ സ്റ്റോൾ ഇന്ന് (ഒക്ടോബര 11-ന് പ്രീമിയം നാടൻ വെജ് ആന്റ് ഫ്രൂട്സ് എന്ന പേരിൽ തൃശ്ശൂർ നഗരത്തിൽ സേക്രട്ട് ഹാർട്ട് സ്കൂളിന് സമീപം മൈലിപാടത്ത് ആരംഭിക്കുന്നു. സ്റ്റാളിന്റെ ഉദ്ഘാടനം ഈ മാസം 11-ന് രാവിലെ 10.30 ന് തൃശൂർ എംഎൽഎ ബാലചന്ദ്രൻ നിർവഹിക്കും.

3. കർഷകരുടെ പ്രശ്നങ്ങളെ നേരിൽ കണ്ടു മനസ്സിലാക്കി പരിഹാരം കാണുന്ന കൃഷിദർശൻ എന്ന പരിപാടിക്ക് കൃഷി വകുപ്പ് ഈ മാസം 26 മുതൽ 29 വരെ തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ തുടക്കം കുറിക്കുമെന്നു കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് അറിയിച്ചു.പരിപാടിക്ക് മുന്നോടിയായി മണ്ണുത്തി വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ 25 ന് എക്സിബിഷൻ ആരംഭിക്കും. 26 ന് ജില്ലയിലെ കൃഷി ഉദ്യോഗസ്ഥരുമായി മന്ത്രി കൂടിക്കാഴ്ച നടത്തും. 27ന് ഉദ്യോഗസ്ഥർക്ക് ഒപ്പം കൃഷിയിടങ്ങൾ സന്ദർശിക്കും. കർഷകരുടെ കൃഷിസ്ഥലങ്ങൾ നേരിട്ട് സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തുക, പ്രാദേശിക അടിസ്ഥാനത്തിൽ പ്രശ്നപരിഹാരങ്ങൾ സമയോചിതമായി നടപ്പാക്കുക, പ്രാദേശിക വിളകളെ പ്രോത്സാഹിപ്പിക്കുക, ഉൽപാദനം, സംസ്കരണം സംഭരണം വിപണനം എന്നിവ പരിപോഷിപ്പിക്കുക തുടങ്ങിയവ ഉൾകൊള്ളുന്ന ബൃഹത്തായ ഒരു പരിപാടിയാണ് കൃഷിദർശൻ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവകലാശാലയുടെ കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം സംസ്ഥാന ഫലമായ ചക്കയുടെ വിവിധ നാടൻ ഇനങ്ങൾ കണ്ടെത്തുവാനും അവയെ സംരക്ഷിക്കുവാനും ഒരു ഗവേഷണ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷക പങ്കാളിത്തത്തോടെ കൂടിയുള്ള ഗവേഷണ പദ്ധതിയിലേക്ക് ആയി കാലം തെറ്റി (സെപ്റ്റംബർ മുതൽ നവംബർ വരെയോ) അല്ലെങ്കിൽ വർഷം മുഴുവൻ കായ്ക്കുന്നതുമായ പ്ലാവിനങ്ങൾ ഉള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഉള്ള കർഷകർ ഇവയുടെ വിവരങ്ങൾ **8137840196** എന്ന ഫോൺ നമ്പറിൽ വിളിച്ചോ, വാട്സാപ്പ് സന്ദേശമായോ വിവരങ്ങൾ തരണമെന്ന് സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം പ്രൊഫസർ ആൻഡ് ഹെഡ് അറിയിച്ചു .

5. ആഴ്ചയിലൊരിക്കൽ ടാപ്പിങ് രീതിയെക്കുറിച്ചറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് നാളെ( ഒക്ടോബർ 12) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർ ഫോണിലൂടെ മറുപടി നൽകും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

6. മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റേറ്റ് സ്കീമുകളുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ പേരാവൂർ, കല്യാശ്ശേരി, കൂത്തുപറമ്പ് എന്നീ ബ്ലോക്കുകളിൽ വൈകുന്നേരം ആറുമണി മുതൽ രാവിലെ 6 മണിവരെ വീട്ടുപടികൽ ചികിത്സ സേവനത്തിന് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി 90 ദിവസത്തേക്ക് മാത്രം വെറ്ററിനറി ബിരുദധാരികളെ തിരഞ്ഞെടുക്കുന്നു. താല്പര്യമുള്ള വെറ്റിനറി ബിരുദധാരികൾ ഒറിജിനൽ ബിരുദ സർട്ടിഫിക്കറ്റും കെ വി സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സഹിതം ഈ മാസം 13-ന് (13 10 2022) രാവിലെ 11 മണിക്ക് കൂടിക്കാഴ്ചയ്ക്കായി കണ്ണൂർ ജില്ലാ വെറ്ററിനറി കേന്ദ്രം ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവർത്തി ദിവസങ്ങളിലും **0497 2700267** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

7. ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 2022 -2023 മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP) നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽ നിന്നും ഓൺലൈൻ ആയി അപേക്ഷ ക്ഷണിക്കുന്നു. 2022 ഒക്ടോബർ 20 വരെ ക്ഷീരവികസന വകുപ്പിന്റെ https:ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

8. വെള്ളാനിക്കര ഹൈടെക് ഹോർട്ടികൾച്ചർ കൃത്യതാ കൃഷി കേന്ദ്രത്തിൽ ഈ മാസം 17-ന് (ഒക്ടോബർ 17) **ഹൈടെക് പച്ചക്കറി തൈ ഉൽപ്പാദനവും പച്ചക്കറിവിളകളിലെ ഗ്രാഫ്റ്റിംഗും** എന്ന വിഷയത്തിൽ ഒരു ദിവസത്തെ പ്രവൃത്തി പരിചയ പരിശീലനം നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. രജിസ്റ്റർ ചെയ്യുന്ന ആദ്യ 25 പേർക്കാണ് അവസരം. കൂടുതല വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി **0487 2371104** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി ആൻഡ് ഡെവലപ്മെന്റ് സെന്ററിൽ ക്ഷീര കർഷകർക്കായി **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 13, 14 തീയതികൾ രണ്ടുദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **04734 266869, 9495390436** എന്നീ നമ്പറുകളിൽ വിളിച്ചോ, വാട്സ്ആപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് ട്രെയിനിങ്ങിൽ പങ്കെടുക്കാവുന്നതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനങ്ങളുടെ ശുപാർശ, നടീൽവസ്തുക്കളുടെ ഉത്പാദനം എന്നിവയിൽ ഒക്ടോബർ 18-ന് ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.